"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്**

G.O.(Rt)No.2566/2022/LSGD തീയതി,തിരുവനന്തപുരം, 22-10-2022

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.10.2022-ലെ 3304/G/2016/SM-BAN നമ്പർ കത്ത്.

**ഉത്തരവ്**

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള കരട് പ്രപ്പോസൽ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ ലഭ്യമാക്കിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ളത്, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHERLI P
SPECIAL SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്-I) / (ഓഡിറ്റ്-II),
കേരള, തിരുവനന്തപുരം.
ആഭ്യന്തര വകുപ്പ്.
എല്ലാ കോർപ്പറേഷൻ / മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും
(തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
(തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഐ&പി.ആർ. (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Prasanth C**
**Date: 22-10-2022 16:17:35**
സെക്ഷൻ ഓഫീസർ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സി.എ.യ്ക്ക്

**<u>മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം</u>**

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട സർക്കാർ / കോടതി ഉത്തരവുകളുടെയും, ചട്ടങ്ങളുടെയും / നിയമങ്ങളുടെയും ലംഘനം കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സമയബന്ധിതമായി സ്വീകരിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. എന്നാൽ ജീവനക്കാരുടെ കുറവ്, പരിശോധനയ്ക്കാവശ്യമായ വാഹനം ഉൾപ്പെടെയുള്ള മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത കാരണം തുടർച്ചയായ ഇടവേളകളിൽ പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കാതെ വരുന്നുണ്ട്. ഈ സാഹചര്യത്തിൽ നിയമലംഘനങ്ങൾ കണ്ടെത്തി സ്പോട്ട് ഫൈൻ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ മിന്നൽ പരിശോധന നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി പ്രത്യേക ജില്ലാതല എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കേണ്ടതാണ്.

1. എൻഫോഴ്സ്മെന്റ് സ്ക്വാഡിലേക്ക് 3 അംഗ ടീമിനെ നിയോഗിക്കേണ്ടതാണ്. പെർഫോമൻസ് ഓഡിറ്റിലെ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ ശുചിത്വ മിഷനിൽ നിന്നുള്ള എൻഫോഴ്സ്മെന്റ് ഓഫീസറും പോലീസിൽ നിന്നുള്ള ഒരു എൻഫോഴ്സ്മെന്റ് ഓഫീസറും ഉൾക്കൊള്ളുന്നതായിരിക്കണം സ്ക്വാഡിന്റെ ഘടന. പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിൽ ഒരു സ്ക്വാഡ് വീതവും മറ്റു ജില്ലകളിൽ രണ്ട് സ്ക്വാഡു വീതവും ഉൾപ്പെടെ ആകെ 23 സ്ക്വാഡ് രൂപീകരിക്കാവുന്നതും 2 സ്ക്വാഡ് വരുന്ന ജില്ലകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ രണ്ടായി വിഭജിച്ച് സൗത്ത്, നോർത്ത് എന്ന് പേര് നൽകാവുന്നതുമാണ്. സ്ഥിരമായി പോലീസ് സംവിധാനം (23 പേർ) ഏർപ്പെടുത്തുന്നത് കാലതാമസം ഉണ്ടാവുമെന്നതിനാൽ ആയത് വരെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി / സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോടൊപ്പം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ നിന്നുള്ള ഒരു പോലീസ് ഓഫീസറുടെ സേവനം ഉപയോഗിക്കാവുന്നതാണ്.
2. ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ പരാതികൾ അന്വേഷിക്കുന്നതിനും അവ

പരിഹരിക്കുന്നതിനും അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകികൊണ്ടോ, സ്ക്വാഡ് നേരിട്ട് പരിശോധിച്ചോ പരാതിയിന്മേൽ ആക്ട് / റൂൾസ് പ്രകാരം സ്വീകരിച്ച നടപടികൾ സംബന്ധിച്ച അറിയിപ്പ് പരാതിക്കാരന് നൽകേണ്ടതാണ്.

3. തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾക്ക് ഉചിതമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ശുചിത്വ മിഷൻ ജില്ലാ കോ-ഓർഡിനേറ്ററുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്. എല്ലാ മാസത്തിലേയും അവസാന ശനിയാഴ്ച പരാതിയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് തദ്ദേശ സ്ഥാപന സെക്രട്ടറി, ജില്ലാ ശുചിത്വ മിഷൻ നോഡൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. സമയബന്ധിതമായി പരാതികൾ പരിഹരിയ്ക്കുന്നതിനോ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനോ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ജില്ലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. പരിശോധനയ്ക്കായി മേൽ നിർദ്ദേശിക്കപ്പെട്ട ഓഫീസർമാരെ അനുവദിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ വരുന്ന ഉദ്യോഗസ്ഥരുടെ സംഗതിയിൽ പ്രിൻസിപ്പൽ ഡയറക്ടറും മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ സംഗതിയിൽ അതത് വകുപ്പ് തലവൻമാരും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.
5. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവുകൾ / സർക്കുലറുകൾ / ബൈലോകൾ / ചട്ടങ്ങൾ / നിയമങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം സ്പോട്ട് ഫൈൻ, ലൈസൻസ് റദ്ദാക്കൽ അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിന് പ്രത്യേക സ്ക്വാഡ് സംവിധാനം സജ്ജമാക്കേണ്ടതാണ്.

**എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ ചുമതലകൾ**

1. നിരന്തരം പരിശോധനകൾ നടത്തൽ.
2. നിരോധിത ഉത്പന്നങ്ങളുടെ നിർമ്മാണം, വിതരണം, ഉപയോഗം എന്നിവ കണ്ടെത്തി ഉചിത മാർഗ്ഗേണ നിയമനടപടികൾ സ്വീകരിക്കൽ.
3. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും പുറപ്പെടുവിച്ച എല്ലാ ഉത്തരവുകളും നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തൽ.
4. മാലിന്യം കത്തിക്കുന്നവർക്കും വലിച്ചെറിയുന്നവർക്കും എതിരെ സ്പോട്ട് ഫൈൻ ഉൾപ്പടെയുള്ള നിയമനടപടികൾ സ്വീകരിക്കൽ.

5. മാലിന്യം പൊതു നിരത്തിലോ ജലസ്രോതസുകളിലോ ജല മാർഗ്ഗത്തിലോ നിക്ഷേപിക്കുന്നതിനെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കൽ.
6. നിരോധിത ഫ്ലക്സ് ഉത്പന്നങ്ങളുടെ മൊത്ത-വിതരണശാലകൾ, പ്രിന്റിങ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിരന്തര പരിശോധനകൾ നടത്തൽ. പ്ലാസ്റ്റിക്ക് കലർന്ന തുണി / പേപ്പർ തുടങ്ങിയവയുടെ പ്രിന്റിങ് കേന്ദ്രങ്ങളിൽ പരിശോധന നടത്തൽ.
7. നിരോധിത പി.വി.സി. ഫ്ലക്സ്, പോളിസ്റ്റർ, നൈലോൺ, കൊറിയൻ ക്ലോത്ത്, പ്ലാസ്റ്റിക്ക് കലർന്ന തുണി / പേപ്പർ തുടങ്ങിയവയിൽ പരസ്യ / പ്രചാരണ ബോർഡുകൾ, ഹോർഡിംഗുകൾ, ബാനറുകൾ, ഷോപ്പ് ബോർഡുകൾ തുടങ്ങിയവ സ്ഥാപിക്കുന്നില്ലെന്നും പുന:ചംക്രമണം സാധ്യമായ 100% കോട്ടൻ / പേപ്പർ / പോളി എത്തിലീൻ എന്നിവയിൽ "പി.വി.സി. ഫ്രീ, റീസൈക്ലബിൾ" ലോഗോയും പ്രിന്റിങ് യൂണിറ്റിന്റെ പേരും, നമ്പരും പതിച്ചുകൊണ്ടു മാത്രമേ സ്ഥാപിക്കുന്നുള്ളുവെന്ന് ഉറപ്പുവരുത്തൽ.
8. നിയമം അനുശാസിക്കുന്ന രീതിയിൽ ലോഗോയും, പ്രിന്റിങ് യൂണിറ്റിന്റെ പേരും നമ്പറും പതിക്കാതെയോ, നിരോധിത വസ്തുക്കൾ ഉപയോഗിച്ചോ, സ്ഥാപിച്ച മുഴുവൻ പരസ്യ പ്രചാരണ ബോർഡുകളും എടുത്തു മാറ്റാൻ നടപടി സ്വീകരിക്കേണ്ടതും, സ്ഥാപിച്ച / പരസ്യം നൽകിയ സ്ഥാപനത്തിനെതിരെയും, പ്രിന്റ് ചെയ്ത സ്ഥാപനത്തിനെതിരെയും, ഫൈൻ അടക്കമുള്ള നടപടിയും, സ്ഥാപിച്ച ബോർഡ് / ഹോർഡിങ്ങിന്റെ പെർമിറ്റ് റദ്ദ ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കൽ.
9. ദ്രവമാലിന്യം പൊതുയിടങ്ങളിലേക്കൊഴുക്കുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കൽ.
10. ശുചിമുറി മാലിന്യം, ഇത്തരത്തിലുള്ള മാലിന്യം വഹിക്കുന്ന പൈപ്പുകൾ എന്നിവ ജലസ്രോതസുകളിലേക്ക് തുറന്ന് വച്ചിരിക്കുന്നവർക്കെതിരെയും മറ്റ് മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കൽ.
11. അറവ് മാലിന്യം മറ്റ് ദ്രവ മാലിന്യങ്ങൾ എന്നിവ പൊതുയിടങ്ങളിൽ നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കൽ. ചിക്കൻ / അറവ് ശാലകളിൽ പരിശോധന നടത്തൽ.
12. വാണിജ്യ / വ്യാപാര / വ്യവസായശാലകൾ, ഹോട്ടലുകൾ, സ്ഥാപനങ്ങൾ, മാളുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തി മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കൽ, ഇല്ലാത്ത പക്ഷം നിയമ നടപടികൾ സ്വീകരിക്കൽ.
13. അനധികൃതമായി മാലിന്യം ശേഖരിക്കുന്നവരെയും, പൊതുയിടങ്ങളിലും

ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നവർക്കെതിരെയും നിയമ നടപടികൾ സ്വീകരിക്കൽ.

14. സർക്കാർ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ കണ്ടെത്തി നിയമ നടപടി സ്വീകരിക്കൽ.